**കേരള ഹിന്ദൂസ് ഓഫ് നോർത്തമേരിക്കയുടെ ഫ്ലോറിഡ കണവെൻഷനു ഇ-മലയാളിയുടെ ആശംസകൾ**

# ഗീതാവചനങ്ങൾ

(ഇ-മലയാളിക്ക് വേണ്ടി തയ്യാറാക്കിയത്: സുധീർ പണിക്കവീട്ടിൽ)



ഭരതീയ ദർശനങ്ങൾ എല്ലാം ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥമാണു ഭഗവത്ഗീത. മഹാഭാരതത്തിലെ ഭീഷമപർവത്തിലെ ഇരുപത്തിയഞ്ച് മുതൽ നാൽപ്പത്തിരണ്ട് വരെയുള്ള പതിനെട്ട് അദ്ധ്യായങ്ങളിലായി ഈ ഗീതാമ്രുതം പരന്നൊഴുകുന്നു. എഴുന്നൂറു ശ്ലോകങ്ങളാണിതിലുള്ളത്. ജന്മനാൽ അന്ധനായ ധ്രുതരാഷ്ട്റർക്ക് ഭാരതയുദ്ധംകാണുവാൻ ആഗ്രഹമുണ്ടെങ്കിൽ യോഗശക്തിയാൽ കാഴ്ച്ച നൽകാമെന്ന് വേദവ്യാസമഹർഷി പറഞ്ഞിരുന്നു. എന്നാൽ യുദ്ധം കാണാൻ താൽപ്പര്യമില്ലെന്നും വിവരങ്ങൾ കേട്ടറിഞ്ഞാൽ മതിയെന്നും പറഞ്ഞതനുസരിച്ച് യുദ്ധം കാണാനും കേൾക്കാനുമുള്ള കഴിവ് ധ്രുതരാഷ്ട്റരുറ്റെ മന്ത്രിയായ സഞ്ജയനു നൽകി. യുദ്ധം കാണാൻ ആഗ്രഹമില്ലെന്ന് ധ്രുതരാഷ്ട്റർ പറഞ്ഞെങ്കിലും അർജുനന്റെ അമ്പ്കൊണ്ട് ഭീഷ്മർ നിലം പതിച്ചുവെന്ന് കേട്ടപ്പോൾ ധ്രുതരാഷ്ട്റർക്ക് യുദ്ധക്കളത്തിൽ നടക്കുന്നത് എന്താണെന്നറിയാൻ ആഗ്രഹമുണ്ടായി. അത് പ്രകാരം ധ്രുത്രാഷ്ട്റർ ചോദിക്കുന്ന ചോദ്യവും അതിനു സഞ്ജയൻ നൽകുന്ന വിവരണങ്ങളിലൂടെയും നമ്മൾ ഭഗവാന്റെ ഗീതം എന്ന ഗീതാ വചനങ്ങൾ അറിയുന്നു. യുദ്ധം ആരംഭിക്കുന്നതിനു മുമ്പാണു് കുരുക്ഷേത്രത്തിൽ വച്ച് ഭഗവാൻ ക്രുഷ്ണൻ അർജുനനെ ഗീത ഉപദേശിക്കുന്നത്. സഞ്ജയൻ ആ വിവരങ്ങൾ ധ്രുതരാഷ്ട്റരോട് പറയുന്നത് യുദ്ധം കഴിഞ്ഞ് പത്ത് ദിവസത്തിനു ശേഷമാണു.

ഭക്തി-കർമ്മ-ജ്ഞാന യോഗങ്ങളെ ഇതിൽ സമന്വയിപ്പിച്ചിരിക്കുന്നു. നിഷ്കാമ കർമ്മവും വിഭിന്നധർമ്മമർഗങ്ങളുടെ സമന്വയവും ഗീതയുടെ വിശേഷ ലക്ഷണങ്ങളാണെന്ന് സ്വാമി വിവേകാനന്ദൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഗീത ഉപനിഷത്തുക്കളുടെ സംഗ്രഹമായും കണക്കാക്കപ്പെടുന്നു. കുരുക്ഷേത്ര ഭൂവിൽ കർത്തവ്യമൂഢനായി ബുദ്ധിയും മനസ്സും തളർന്നിരുന്ന പാണ്ഡവരാജകുമാരനെ കർമ്മനിരതനാക്കുന്ന

ഉപദേശങ്ങൾ ഇന്ന്  മനുഷ്യസമൂഹത്തിനു വളരെ പ്രയോജനകരമായേക്കാം. ദുര്യോധനൻ എന്ന കൗരവ രാജകുമാരൻെറ സ്വാർത്ഥതയാണു യുദ്ധത്തിൽ കലാശിച്ചത്. ഇന്ന് മനുഷ്യൻ അന്ന്ത്തേക്കാൾ സ്വാർത്ഥനാണു. തന്മൂലം ലോകത്തിൽ കലഹങ്ങൾ ഉണ്ടാകുന്നു. മുമ്പെവിടെയൊ വായിച്ചതായി ഓർക്കുന്നു, അമേരിക്കയിലെ 186 യൂണിവേഴ്സിറ്റികളിലെ സിലബസ്സിൽ ഗീത ഉൾപ്പെടുത്തിയിട്ടുണ്ടെന്ന്. ഏകദേശം രണ്ട് മില്ല്ൺ അമേരിക്കൻ ജനത യോഗചര്യകൾ അഭ്യസിക്കുന്നുവെന്ന്. 22% അമേരിക്കൻ ജനത സസ്യഭുക്കുകളണെന്ന്. ഗീതയിലെ **പ്രധാനപ്പെട്ട ചില വാക്യങ്ങൾ ഇവിടെ ഓർക്കാൻ ശ്രമിക്കുന്നു. എല്ലാ പ്രധാനപ്പെട്ട വചനങ്ങളും ഈ കൊച്ചു ലേഖനത്തിൽ ഉൾപ്പെടുത്തുക അസാദ്ധ്യമാണെന്നറിയാമല്ലോ.**

ധർമക്ഷേത്രേ കുരുക്ഷേത്രേ
സമവേതാ യുയുത്സവ:
മാമകാ: പാണ്ഡവാശ്ചൈവ
കിമുകുർവത് സഞ്ജയ (ഇതാണു ഗീതയിലെ തുടക്ക വാക്യം. ധ്രുത്രാഷ്റ്റ്ര്ർ സഞ്ജയനോട് ചോദിക്കുന്നു. അല്ലയോ സഞ്ജയ കുരുക്ഷേത്രത്തിൽ യുദ്ധോത്സുകരായി എത്തിയിട്ടുള്ള എൻെറ ആൾക്കാരും പാണ്ഡവന്മാരും എന്തു ചെയ്തു.)

സഞ്ജയ്ൻ യുദ്ധഭൂമിയിലെ സംഭവങ്ങൾ വിവരിക്കുന്നു. സ്വന്തക്കാരേയും ബന്ധക്കാരേയും കണ്ട് വിഷാദമൂകനായി അമ്പും വില്ലും തഴെയിട്ട് തേർത്തട്ടിൽ അർജുനനൻ തളർന്നിരുന്നപ്പോൾ ക്രുഷ്ണൻ അർജുനനെ ഉപദേശിക്കുന്നത് വിവരിക്കുന്നു.
... ... ...... ......
ക്ഷുദ്രം ഹ്രുദയ ദൗർബ്ബല്യം
ത്യക്ത്വോത്തിഷ്ഠ പരന്തപ

ശത്രുക്കളെ തപിപ്പിക്കുന്ന നീ മനസ്സിൻെറ നിസ്സാരമായ ഈ ധൈര്യക്കുറവിനെ വെടിഞ്ഞ് എഴുന്നേൽക്കുക.

പിന്നെ ഭഗവാൻ ആത്മാവിനെ കുറിച്ച് അർജുനനെ മനസ്സിലാക്കിക്കുന്നു.

യ ഏനം വേത്തി ഹന്താരം
യശ്ചൈനം മന്യതെ ഹതം
ഉഭൗതൗ ൻ വിജാനീതോ
നായം ഹന്തി ന ഹന്യതേ

ആരാണു ആത്മാവിനെ കൊല്ലുന്നതായി, അല്ലെങ്കിൽ ആത്മാവ് കൊല്ലപ്പെട്ടതായി കരുതുന്നത് അവർ രണ്ടുപേരും സത്യം അറിയുന്നില്ല. ആത്മാവ് ആരേയും കൊല്ലുന്നില്ല, കൊല്ലപ്പെടുന്നില്ല.

വാസാംസി ജീർണാനി യഥാ വിഹായ
നവാനി ഗ്രുഹ്ണാതി നരോപരാണി
തഥാ ശരീരാണി വിഹായ ജീർണാ-
ന്യന്യാനി സംയാതി നവാനി ദേഹി

പഴയ വസ്ത്രങ്ങൾ ഉപേക്ഷിച്ച് മനുഷ്യർ പുതിയ വസ്ത്രങ്ങൾ സ്വീകരിക്കുന്ന പോലെ ആത്മാവ് ജീർണ്ണിച്ച ശരീരങ്ങലെ വിട്ട് പുതിയ ശരീരങ്ങളെ പ്രാപിക്കുന്നു.

നൈനം ഛിന്ദന്തി ശസ്ത്രാണി
നൈനം ദഹതി പാവക്
ന ചൈനം ക്ലേദയന്ത്യാപോ

ന ശോഷയതി മാരുത

ആത്മാവിനെ ആയുധങ്ങൾക്ക് മുറിക്കാനോ, അഗ്നിക്ക് ദഹിപ്പിക്കാനോ, ജലത്തിനു നനക്കാനോ, വായുവിനു ഉണക്കാനോ കഴിയുന്നില്ല.

കർമ്മയോഗത്തെ കുറിച്ച് പിന്നെ പറയുന്നു.

കർമണ്യേവാധികാരസ്തേ
മാ ഫലേഷു കദാചന
മാ കർമഫലഹേതുർ ഭു:
മാ തെ സംഗോ സ്ത്വകർമണി

കർമ്മഫലത്തിലല്ല കർമ്മത്തിലാണു നിനക്ക് അധികാരം. ഫലം കിട്ടണമെന്ന ആഗ്രഹത്തോടെ കർമ്മം ചെയ്യരുതു. എന്നാൽ കർമ്മ ചെയ്യാതെയുമിരിക്കരുത്.

നഹി കശ്ചിത് ക്ഷണമപി
ജാതു തിഷ്ഠത്യകർമക്രുത്
കാര്യതേഹ്യവശ: കർമ
സർവ്: പ്രക്രുതിജൈർ ഗുണൈ:

ആരും ഒരു ക്ഷണനേരം പോലും കർമ്മം ചെയ്യാതിരിക്കുന്നില്ല. പ്രക്രുതിഗുണങ്ങളായ സത്വം, രജസ്, തമസ് എന്നീ മൂന്നു ഗുണങ്ങളാൽ നിർബന്ധതരായി എല്ലാവരും കർമ്മങ്ങൽ ചെയ്തുപോകുന്നു.

ബഹുനി മേ വ്യതീതാനി
ജന്മാനി തവ് അചാർജുന
താന്യഹം വേദ സർവാണി
നത്വം വേത്ഥ പരന്തപ

അർജുനാ ഞാനും നീയും എത്രയോ ജന്മങ്ങൾ കഴിഞ്ഞ് വന്നവരാണു. അവയൊക്കെ എനിക്കറിയാം എന്നാൽ നീ അതറിയുന്നില്ല.

യദാ യദാ ഹായ് ധർമസ്യ
ഗ്ലാനിർ ഭവ്തി ഭാരത !
അഭ്യുത്ഥാനമധർമസ്യ
തദാത്മാനം സ്രുജാമ്യഹം

എപ്പോഴെക്കെ ധർമ്മത്തിനു ച്യുതിയും അധർമ്മത്തിനു ഉയർച്ചയും ഉണ്ടാകുന്നവോ അപ്പോൾ ഞാൻ ജന്മമെടുക്കുന്നു.

പരിത്രാണായ സാധൂനാം
വിാശായ ച ദുഷ്ക്രുതാം
ധർമസംസ്ഥാപനാർഥായ
സംഭവാമി യുഗേ യുഗേ

നല്ലവരെ സംരക്ഷിക്കാനും,ദുർജനങ്ങളെ നശിപ്പിക്കാനും, ധർമ്മത്തെ നില നിർത്താനുമായി ഞാൻ യുഗം തോറും അവതരിക്കുന്നു.

മനുഷ്യരെ കൊണ്ട് പാപം ചെയ്യിക്കുന്നത് ആർ എന്ന അർജുനന്റെ ചോദ്യത്തിനു ക്രൃഷ്ണൻ പറഞ്ഞു,

കാമ ഏഷ ക്രോധ ഏഷ
രജോഗുണ സമുദ്ഭവ:
മഹാശനോ മഹാപാപ്മാ
വിദ്ധ്യേനമിഹ വൈരിണം

രജോഗുണത്തിലെ മഹാപാപിയായ കാമമാകുന്നു. ക്രോധവും ഇത് തന്നെ. ഇതിനെ ശത്രുവായി കാണുക.

രസോഹമപ്സു കൗന്തേയ
പ്രഭാസ്മി ശശിസൂര്യയോ:
പ്രണവ:സർവ്വവേദേഷു
ശബ്ധ്:ഖേ പൗരുഷം നൃഷു

കുന്തീപുത്ര, ജലങ്ങളിലെ രസം ഞാനകുന്നു. ചന്ദ്രനിലേയും, സൂര്യനിലേയും പ്രഭ ഞാനാകുന്നു. വേദങ്ങളിലെ പ്രണവവും ആകാശത്തിലെ ശബ്ദവും പുരുഷനിലെ പൗരുഷവും ഞാനാകുന്നു.

അഹം സർവസ്യ പ്രഭവോ
മത്ത: സർവം പ്രവർത്തതേ
ഇതി മത്വാ ഭജന്തേ മാം
ബുധാ ഭാവസമന്വിതാ

എല്ലാറ്റിന്റേയും പ്രഭവ സ്ഥാനം ഞാനാകുന്നു. എല്ലാം എന്നിൽ നിന്ന് പ്രവർത്തിക്കുന്നു. ഇതറിയുന്ന ബുദ്ധിമാന്മാർ എന്നെ ഭാവസമന്വിതരായി ഭജിക്കുന്നു.

മയ്യേവ മന ആധത്സ്വ
മയി ബുദ്ധിം നിവേശയ
നിവസിഷ്യസി മയ്യേവ
അത ഊർദ്ധ്വം ന സംശയ:

നിന്റെ മനസ്സും ബുദ്ധിയും എന്നിൽ തന്നെ ഉറപ്പിക്കുക. അങ്ങനെ ചെയ്താൽ നിന്റെ ദേഹം നശിച്ച്കഴിഞ്ഞാലും നീ എന്നിൽ വസിക്കും. അതിനു സംശയമേ വേണ്ട.

ത്രിവിധം നരകസ്യേദം
ദ്വാരം നാശനമാ ത് മന:
കാമ: ക്രോധസ്തഥാ ലോഭ:
തസ്മാദേതത് ത്രയം ത്യജേത്

നരകത്തിന്റെ മൂന്നു വിധമായ വാതിലുകളാണു കാമം, ക്രോധം, മോഹം. അത്കൊണ്ട് ഇത് മൂന്നിനേയും ഉപേക്ഷിക്കണം.

ഈ ലോകത്തിനു ഒരു നിയന്താവോ ഈശ്വരനോ ഇല്ലെന്നും ലോകം സ്ത്രീപൂരുഷ സംയോഗം കൊണ്ട് ഉണ്ടായതാണെന്നും അസുരജനങ്ങൾ വിശ്വസിക്കുന്നതിനെപ്പറ്റിയും ഗീതയിൽ പറയുന്നുണ്ട്.

അസത്യമപ്രതിഷ്ഠം തേ
ജഗദാഹുരനീശ്വരം

അപരസ്പര സംഭൂതം
കിമന്യത് കാമഹൈതുകം

ഈ ലോകം അസത്യമാണു്. ആധാരമില്ലാത്തതാണു. ഈശ്വരനില്ലാത്താണു്. കാമവും അന്യോന്യ സംയോഗംവുമുള്ളത്കൊണ്ടുള്ളതാണു്. അല്ലാതെ വേറേ എന്തൂണ്ട് എന്ന് അസുരജനങ്ങൾ ചോദിക്കുന്നു,

സർവധർമാൻ പരിത്യജ്യ
മാമേകം ശരണം വ്രജ
അഹം ത്വാ സർവപാപേഭ്യോ
മോക്ഷയിഷ്യാമി മാ ശുച:

സകല ധർമ്മങ്ങളേയും ഉപേക്ഷിച്ചിട്ട് എന്നെ ഒരുവനെത്തന്നെ ശരണം പ്രാപിക്കുക. നീ ദു:ഖിക്കേണ്ട, നിന്നെ ഞാൻ എല്ലാ പാപങ്ങളിൽനിന്നും മോചിപ്പിക്കാം.

മത്ത: പരതരം നാന്യത്
കിഞ്ചിദസ്തി ധനഞ്ജയ
മയി സർവമിദം പ്രോതം
സൂത്രേ മണിഗണാ ഇവ

എന്നേക്കാൾ ശ്രേഷ്ഠരായി വേറെ ആരുമില്ല. രത്നങ്ങൾ ചരടിൽ എന്ന പോലെ സകല ചാരാചരങ്ങളും എന്നിൽ കോർക്കപ്പെട്ടിരിക്കുന്നു,

ആത്മസംയമനം ഇല്ലാത്തവനു ഗീത പ്രയോജനപ്പെടുകയില്ല. അങ്ങനെയുള്ളവർക്കും, ഭക്തിയില്ലാത്തവർക്കും, കേൾക്കാൻ താൽപ്പര്യമില്ലാത്തവർക്കും, ഭഗവാനെ നിന്ദിക്കുന്നവർക്കും ഇത് ഉപദേശിക്കരുത് എന്ന് ക്രുഷ്ണൻ അർജുനനോട് പറയുന്നുണ്ട് താഴെ പറയുന്ന ശ്ലോകത്തിൽ..

ഇദം തേ നാതപ്സ്കായ
നാ ഭക്തായ കദാചന
ന ചാശുശ്രൂഷവേ വാച്യം
ന ച മാം യോഭ്യസൂയതി

കേരള ഹിന്ദൂസ് ഓഫ് നോർത്തമേരിക്ക ഫ്ലോറിഡയിൽ സംഘടിപ്പിച്ചിട്ടുള്ള കൺവെൻഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭാരതീയ ദർശങ്ങളെ കുറിച്ചുള്ള ചർച്ചകളും പഠനങ്ങളും ഉപകാരപ്രദവും മാർഗ്ഗദർശനവുമാകുമെന്ന് ആശിക്കാം.

**ശുഭം**